LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യാ പ്രവണത തടയുന്നതിന് നടപടി

105 [107] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ട്;

(ബി) ഇതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര;

(സി) വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണതകൾ തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 29,419 ആത്മഹത്യകൾ.

(ബി) പുരുഷൻമാർ .. 21,165
സ്ത്രീകൾ .. 8,220

(സി) വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണത തടയുന്നതിന് ബോധവൽക്കരണ ക്ലാസുകളും, കൗൺസിലിങ്ങും, സെമിനാറുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിൽ സാമൂഹ്യ സേവന സംഘടനകളുടെ സേവനം കൂടി ഉൾപ്പെടുത്താറുണ്ട്.

സ്ത്രീപീഡനത്തെത്തുടർന്ന് ആത്മഹത്യ

106 [108] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ട്;

(ബി) ഇതിൽ സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര;

(സി) ഇതേ കാലയളവിൽ സ്ത്രീപീഡനത്തെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തു?

ഉത്തരം

(എ) 29,419 ആത്മഹത്യകൾ.

(ബി) സ്ത്രീകൾ .. 8,220
പുരുഷൻമാർ .. 21,165

(സി) 404 പേർ.